(സി) പദ്ധതി നടത്തിപ്പിനായി സർക്കാർ തുകയൊന്നും അനുവദിച്ചിട്ടില്ല. 6.5 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം ദ്രുതഗതിയിൽ നടന്നുവരുന്നു. ഇത് 2015 മാർച്ച് മാസത്തോടെ പ്രവർത്തന സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു. അതോടൊപ്പം, ഉദ്ദേശം 3.7 കിലോമീറ്റർ നീളത്തിൽ റോഡ്, ഓടകൾ, കേബിൾ കഴികൾ, കാക്കനാട് വില്ലേജിലെ സ്മാർട്ട്സിറ്റി ഭൂമിയും ഇൻഫോപാർക്ക് റോഡുമായി ബന്ധിപ്പിക്കുന്ന പാലത്തിന്റെ നിർമ്മാണം എന്നിവ നടന്നുവരുന്നു. പ്രാഥമിക ജല ലഭ്യത ഉറപ്പാക്കിക്കഴിഞ്ഞു. ജലസംഭരണികൾ, ജല സംസ്കരണ പ്ലാന്റുകൾ, പൈപ്പ് ലൈനുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള ജോലികൾ ഉടൻ ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) 6.5 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം 2015 മാർച്ച് മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു

(ഇ) സ്മാർട്ട് സിറ്റി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്മാർട്ട് സിറ്റിയുടെ ഡയറക്ടർ ബോർഡ് സ്വീകരിച്ചുവരുന്നുണ്ട്.

മിഷൻ 676 സ്മാർട്ടപ്പ് വില്ലേജ്

314 (654) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റാർട്ടപ്പ് വില്ലേജ് ഉൾപ്പെടെയുള്ള സംരംഭക പദ്ധതികളുടെ രൂപീകരണത്തിന് മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നു വ്യക്തമാക്കാമോ ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പാക്കുന്നതിനും ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിദ്യാർത്ഥികളെയും യുവാക്കളെയും സംരംഭകരാക്കാനുള്ള ഈ പദ്ധതിയിൽ രണ്ടുവർഷംകൊണ്ട് ഇരുന്നൂറിലധികം സ്റ്റാർട്ടപ്പുകൾക്ക് തുടക്കമായി. ദേശീയ തലത്തിൽത്തന്നെ ശ്രദ്ധിക്കപ്പെട്ട സംരംഭമായി ഇതു മാറി. വിദ്യാർത്ഥി സംരംഭകർക്ക് 20% ഹാജർ ഇളവ്, 4% ഗ്രേസ് മാർക്ക്, ബജറ്റിന്റെ ഒരു ശതമാനം തുടങ്ങിയ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചു. അഞ്ച് വിദ്യാർത്ഥികൾക്ക് സിലിക്കൺ വാലി സന്ദർശിക്കാൻ അവസരമൊരുക്കി. അവിടം സന്ദർശിക്കുന്ന വിദ്യാർത്ഥി സംരംഭകർക്കുവേണ്ടി സിലിക്കൺ വാലി ലാൻഡിംഗ് പാഡും തുറക്കും. വിദ്യാർത്ഥിനി സംരംഭകർക്ക് 5% ഗ്രേസ് മാർക്ക് നൽകി കൂടുതൽ പ്രോത്സാഹനം നൽകും.

(ബി) രാജ്യത്തെ നമ്പർ വൺ സ്റ്റാർട്ടപ്പ് കേന്ദ്രമാക്കി കേരളത്തെ മാറ്റുകയാണു ലക്ഷ്യമിടുന്നത്. ഇതിനായി ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. റാസ്പ്ബെറി പൈ പ്രോഗ്രാം
2. നേതൃത്വ പരിശീലന പരിപാടി
3. അന്തർദേശീയ സംരംഭകത്വ എക്സ്ചേഞ്ച് പരിപാടി
4. സ്റ്റാർട്ട്അപ്പ് ബൂട്ട്ക്യാമ്പ്
5. ഫാബ് ലാബ്
6. സ്റ്റാർട്ട്അപ്പ് ബോക്സ് ക്യാമ്പയ്ൻ

(സി) പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി ടെക്നോപാർക്ക് ടി.ബി.ഐ.-യുടെ ബോർഡ് ഓഫ് ഗവേർണേസ് ചെയർമാനായി മുഖ്യമന്ത്രിയും വൈസ് ചെയർമാനായി വ്യവസായ-ഐ.ടി വകുപ്പ് മന്ത്രിയും ഉൾപ്പെടുത്തി പുന:സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ടി.ടി.ബി.ഐയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി പുന:ക്രമീകരിക്കുകയും ചെയർമാൻ സ്ഥാനം ഐ.ടി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.